വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: അനുപമ.ടി.വി ഐഎസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- വനിതാ ശിശുക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണം- മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ബഹു വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 30-6-2020 നു ചേർന്ന യോഗ തീരുമാനം.

2. സ.ഉ.(സാധാ) നം.312/2021/സാ.നീ.വ. തീയതി.17-5-2021

3. സ.ഉ.(പി) നം.29/2021/ധന. തീയതി.11-2-2021

4. ഈ കാര്യാലയത്തിലെ 20-5-2021, 28-5-2021 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

5. ആലപ്പുഴ മായിത്തറ ഗവ.ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 28-5-2021 ലെ GCHA/106/2021 നമ്പർ കത്ത്.

6. കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 28-5-2021 ലെ C.H.K-19/2021 നമ്പർ കത്ത്.

ഉത്തരവ് നമ്പർ.PC1/7301/2021 (1) തീയതി: 14-6-2021

---

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്ന വകുപ്പാണ് വനിതാ ശിശു വികസന വകുപ്പ്. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതുമായ കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടി ശിശുക്ഷേമ സ്ഥാപനങ്ങളും വിധവകൾ, വിവാഹ മോചിതരായവർ, അഗതികൾ, സംരക്ഷിക്കാനാരുമില്ലാത്ത സ്ത്രീകൾ, അവരുടെ 6 വയസിനു താഴെ പ്രായമുള്ള കുട്ടികൾ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി വനിതാ ക്ഷേമ സ്ഥാപനങ്ങളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടി ജീവനക്കാരുടെ കാലാവധി 2020 മാർച്ചിൽ അവസാനിച്ചിരുന്നു. എന്നാൽ കോവിഡ്-19 ന്റെ വ്യാപനത്തെ തുടർന്ന് പുതിയ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ സേവനം 2020 ജൂലൈ മാസം വരെ കരാർ അടിസ്ഥാനത്തിൽ തുടരുവാനും 2020 ആഗസ്റ്റ് മാസം മുതൽ ദിവസ വേതനടിസ്ഥാനത്തിൽ നിയമിക്കുവാനും പരാമർശം(1) പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ. 34 വനിതാ ശിശു ക്ഷേമ സ്ഥാപനങ്ങളിൽ ദിവസ വേതനടിസ്ഥാനത്തിൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ നിലവിൽ സേവനം അനുഷ്ഠിച്ചു വരുന്നു

വനിതാ ശിശു വികസന വകുപ്പിലെ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി ദിവസ വേതനടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2021-22 സാമ്പത്തിക വർഷം വേതനം അനുവദിക്കുന്നതിനായി 95,41,800/-രൂപ അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ഷേമ സ്ഥാപനങ്ങളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ എണ്ണം ലഭ്യമാക്കുവാൻ ഈ കാര്യാലയത്തിൽ നിന്നും എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാരോടും ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കിയ സ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് പരാമർശം (4) പ്രകാരം വേതനം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ മായിത്തറ ഗവ.ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളിൽ 2021 ഏപ്രിൽ മുതൽ ഓരോ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ സേവനമനുഷ്ഠിച്ച് വരുന്നതായി പരാമർശം (5), (6) പ്രകാരം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ആലപ്പുഴ മായിത്തറ ഗവ.ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോട്ടയം ഗവ. ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളിലെ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർക്ക് 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ വേതനം നല്കുന്നതിനാവശ്യമായ 2,18,700/- രൂപ (രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം പ്രകാരം ആലപ്പുഴ, കോട്ടയം ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം 2235-02-001-89(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിവസങ്ങൾക്കനുസൃതമായി തുക അനുവദിച്ച് നൽകേണ്ടതും പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യ പത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്
വനിതാ ശിശുവികസന ഡയറക്ടർ

ജില്ല വനിതാ ശിശുവികസന ഓഫീസർ, ആലപ്പുഴ /കോട്ടയം

പകർപ്പ്:-1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നല്കുന്നതിലേക്കായി)
2. സൂപ്രണ്ട്, ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ
3. സൂപ്രണ്ട്, ഗവ. ചിൽഡ്രൻസ് ഹോം കോട്ടയം
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
Geyikumar K
സൂപ്രണ്ട്

**അനുബന്ധം**

| ജില്ല | സ്ഥാപനം | MTCP മാരുടെ എണ്ണം | 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ അനുവദിക്കുന്ന തുക |
|---|---|---|---|
| ആലപ്പുഴ | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ | 1 | 1,09,350 |
| കോട്ടയം | ഗവ. ചിൽഡ്രൻസ് ഹോം, കോട്ടയം | 1 | 1,09,350 |
| ആകെ | | | 2,18,700 രൂപ |